അദ്ദേഹത്തിന്റെ കുടുംബവീടിനു സമീപം സംശയമുള്ള തരത്തിൽ മരിച്ചു കിടക്കുന്നതായാണ് കണ്ടത്. അദ്ദേഹത്തിന്റെ മൃതശരീരത്തിൽ നിന്ന് ഒരു കുറിപ്പും പോലീസുകാർ എടുക്കുകയുണ്ടായി. ആ പ്രദേശത്തെ സംശയിക്കപ്പെടുന്ന പല ആൾക്കാരുടേയും പേരുകൾ ഉൾക്കൊള്ളിച്ച ഒരു കത്തായിരുന്നു അത്. നാട്ടുകാരിലൊക്കെ വളരെ ഭീതിയും ഭയവും നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഈ സംഭവം ഉണ്ടായതു തന്നെ. ഇതുസംബന്ധിച്ച് വളരെ വിശദമായ ഒരു അന്വേഷണം നടത്തണം. നാട്ടുകാരൊക്കെ ആകെ ഭയന്നുനിൽക്കുന്ന ഒരു സാഹചര്യത്തിൽ പ്രതികളെ കസ്റ്റഡിയിലെടുത്ത് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പഞ്ചായത്ത് റോഡിലെ ടാറിംഗ് സംബന്ധിച്ച തർക്കത്തെത്തുടർന്ന് ആർ.എസ്.എസ് പ്രവർത്തകരായ രതീഷും കൂട്ടരും കേശവൻ നായരുമായി വഴക്കുണ്ടാക്കുകയും, തന്നെ തലയ്ക്കടിച്ചു പരിക്കേൽപ്പിച്ചതായി കേശവൻ നായർ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ പോലീസ് കേസെടുത്ത് രതീഷിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞമാസം 24-ാം തീയതിയാണ് സംഭവം നടന്നത്. അതിനുശേഷം 3-7-2005-ന് രാവിലെ കേശവൻ നായർ കുടുംബവീടിന്റെ അടുത്തുള്ള പുരയിടത്തിൽ മരിച്ചുകിടക്കുന്നതായിട്ട് കണ്ടു. ഇതുസംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരികയാണ്. അദ്ദേഹത്തിന്റെ ശരീരത്തിൽ മുറിവോ ചതവോ ഒന്നും കണ്ടെത്താൻ പോലീസിനു കഴിഞ്ഞിട്ടില്ല എന്നാലും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ജനങ്ങളുടെ ഇടയിൽ പല സംശയങ്ങളുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്മേൽ അന്വേഷണം നടത്തിവരികയാണ്. ഏതെങ്കിലും വിധത്തിൽ പ്രതിയെ കണ്ടുപിടിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കടയ്ക്കൽ പോലീസ് സ്റ്റേഷൻ വിഭജിച്ച് വിളവുപച്ചയിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ചടയമംഗലം നിയോജക മണ്ഡലത്തിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ വിസ്തൃതിയുടെ കാര്യത്തിലും രാഷ്ട്രീയ സംഘട്ടനം അടക്കമുള്ള ക്രൈം കേസുകളുടെ കാര്യത്തിലും മുന്നിൽ നിൽക്കുന്ന പോലീസ് സ്റ്റേഷനാണ്. കടയ്ക്കൽ പോലീസ് സ്റ്റേഷൻ വിഭജിച്ച് ചിതറ പഞ്ചായത്തിൽ വിളവുപച്ചയിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ഏറെക്കാലമായി ജനങ്ങൾ ആവശ്യപ്പെടുന്നു. ചിതറ ഗ്രാമ പഞ്ചായത്ത് താൽക്കാലികമായി പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനും സ്ഥിരമായി പോലീസ് സ്റ്റേഷൻ കെട്ടിടമുണ്ടാക്കുന്നതിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം നൽകുവാനും സംവിധാനം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കൊല്ലം ജില്ലയിൽ ചിതറ പഞ്ചായത്തിൽ വിളവുപച്ച എന്ന സ്ഥലത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ 52-ാം സ്ഥാനത്താണ് വിളവുപച്ച വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പഞ്ചായത്ത് വേണ്ട സ്ഥലസൗകര്യങ്ങളൊക്കെ കൊടുക്കും എന്നുപറഞ്ഞ സാഹചര്യത്തിൽ അതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

(7) തൃശ്ശൂർ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ആഫീസിൽ നടന്ന ആക്രമണം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കഴിഞ്ഞ ജൂൺ 13-ന് തൃശ്ശൂർ പ്രസ് ക്ലബ് കോൺഫറൻസ് ഹാളിൽ ഒരു പത്ര സമ്മേളനം നടക്കുകയുണ്ടായി. ആ പത്രസമ്മേളനം നടത്തിയത് ഒരു പൊതുപ്രവർത്തകനായ ജേക്കബ് 10.30 A.M.] എന്നുപറയുന്ന ആളാണ്. എക്സൈസ് വകുപ്പിലെ അഴിമതിയെ കുറിച്ചും വ്യാജമദ്യലോബിക്ക് കൂട്ടുനിൽക്കുന്ന എക്സൈസുകാരുടെ നടപടിക്കെതിരായിട്ടുമാണ് പത്ര സമ്മേളനം നടത്തിയത്. പ്രസ്തുത പത്ര സമ്മേളനം നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ അവിടെ എക്സൈസ് പ്രിവന്റീവ് ആഫീസറായ ശ്രീ. ജോയി പത്രപ്രവർത്തകനാണെന്ന വ്യാജേന അതിൽ പങ്കെടുക്കുകയുണ്ടായി. സംശയം തോന്നിയ പ്രസ്ക്ലബ് ഭാരവാഹികൾ അദ്ദേഹത്തെ ചോദ്യം ചെയ്തപ്പോൾ താൻ ടെലഗ്രാഫ് എന്ന പത്രത്തിന്റെ ലേഖകൻ ആണെന്ന് പറഞ്ഞു. വീണ്ടും സംശയം തോന്നിയ പത്രപ്രവർത്തക യൂണിയന്റെ നേതാക്കൾ ഇയാളെ ചോദ്യം ചെയ്തപ്പോൾ ഇയാൾ സമ്മേളനത്തിൽ നിന്ന് ഇറങ്ങിയോടുകയുണ്ടായി. ഇയാൾ ഏതെങ്കിലും തട്ടിപ്പുകാരനാണെന്ന് കരുതി പത്രപ്രവർത്തകർ ഇയാളുടെ പുറകേപോയി. ആ സന്ദർഭത്തിൽ അയാൾ ഓടിക്കയറിയത് പോലീസ് വിജിലൻസ് ഓഫീസിലേക്കാണ്. അപ്പോൾ പത്രപ്രവർത്തക യൂണിയന്റെ പ്രസിഡന്റ്, സെക്രട്ടറി, വൈസ്പ്രസിഡന്റ് കൃഷ്ണകുമാർ, സജി, ജെയ്സൺ എന്നിവർ വിജിലൻസ് ഓഫീസിലേക്ക് ചെല്ലുകയുണ്ടായി. ആ സന്ദർഭത്തിൽ എക്സൈസ് ഉദ്യോഗസ്ഥൻമാരും വിജിലൻസ് ഉദ്യോഗസ്ഥൻമാരും പോലീസുകാരും എല്ലാം കൂടി ഈ പത്രപ്രവർത്തക യൂണിയന്റെ നേതാക്കളെ മർദ്ദിക്കുകയാണ് ഉണ്ടായത്. അതിൽ ജയ്സൺ പത്രപ്രവർത്തക യൂണിയന്റെ ജില്ലാ വൈസ്പ്രസിഡന്റാണ്. അദ്ദേഹത്തിന് പരിക്കുപറ്റുകയും മെഡിക്കൽ കോളേജിൽ അഡ്മിറ്റാക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly